**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5215** **21-03-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ കവുങ്ങ് കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ എത്ര ഹെക്ടർ ഭൂമിയിൽ കവുങ്ങ് കൃഷിയുണ്ടെന്നും ജില്ലയിൽ എത്ര കവുങ്ങ് കർഷകർ ഉണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കാസറഗോഡ് ജില്ലയിൽ 21465 ഹെക്ടർ ഭൂമിയിൽ കവുങ്ങ് കൃഷി ചെയ്യുന്ന 41067 കർഷകർ ഉണ്ട്. |
| (ബി) | ഒരു വർഷം ജില്ലയിൽ എത്ര ക്വിന്റൽ അടയ്ക്ക ഉൽപ്പാദിപ്പിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | ഒരു വർഷം ജില്ലയിൽ 405051 ക്വിന്റൽ അടക്ക ഉല്പാദിപ്പിക്കുന്നുണ്ട്. |
| (സി) | അടുത്ത കാലത്തായി ജില്ലയിൽ അടയ്ക്ക ഉൽപ്പാദനം കുറഞ്ഞിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (സി) | 2020-21 വർഷത്തിൽ ജില്ലയിൽ 40735 ടൺ അടക്ക ഉല്പാദനം ആയിരുന്നു. 2021-22 വർഷത്തിൽ 46383 ടൺ ആയി മാറി. 2022-23 വർഷത്തിൽ 46121.661 ടൺ ഉല്പാദനം ആയി ചെറിയ തോതിൽ കുറഞ്ഞിട്ടുണ്ട്.കഴിഞ്ഞ രണ്ട് വർഷമായി കവുങ്ങുകൾക്ക് ഇലപ്പുള്ളി രോഗവും തുടർന്നുള്ള പൂങ്കുല കരിച്ചിലും വ്യാപകമായി പിടിപ്പെട്ടതാണ് ഉല്പാദനം കുറയാൻ കാരണമായിട്ടുള്ളത്. |
| (ഡി) | കവുങ്ങുകൾക്കുണ്ടാകുന്ന മുഞ്ഞ രോഗം, ഇലകുത്ത് രോഗം, പൂങ്കുല കരിയൽ രോഗം, ഹാളി രോഗം എന്നിവ പടരാതിരിക്കുന്നതിന് തളിക്കേണ്ട മരുന്നുകളെക്കുറിച്ച് എന്തെങ്കിലും ധാരണയുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് കർഷകരിൽ അവബോധം ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | കവുങ്ങുകൾക്കുണ്ടാകുന്ന മുഞ്ഞ രോഗം,ഇലകുത്ത് രോഗം, പൂങ്കുല കരിയൽ രോഗം, മഹാളി രോഗം എന്നിവ പടരാതിരിക്കുന്നതിന് തളിക്കേണ്ട മരുന്നുകളെക്കുറിച്ച് ധാരണയുണ്ട്.<br><br>കവുങ്ങുകൾക്കുണ്ടാകുന്ന രോഗങ്ങളെക്കുറിച്ചും അവ പടരാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും കർഷകരിൽ അവബോധം ഉണ്ടാക്കുന്നതിന് കൃഷി വകുപ്പ് മുഖേന താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>(i)വിള ആരോഗ്യ പരിപാലന പദ്ധതിയിലൂടെ അത്യാവശ്യമായ സസ്യസംരക്ഷണത്തിനുള്ള നിർദ്ദേശങ്ങളും പരിശീലനങ്ങളും ചെയ്തിട്ടുണ്ട്.<br><br>(ii) സസ്യസംരക്ഷണ മരുന്നുകൾ പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് മുഖാന്തിരം നല്കിയിട്ടുണ്ട്.<br><br>(iii) ജനകീയാസൂത്രണ പദ്ധതിയിലും വിള ആരോഗ്യ പരിപാലന പദ്ധതിയിലും ആത്മ പദ്ധതികളിലുമായി |

| | | | |
|---|---|---|---|
| | | | സംയോജിത കീട നിയന്ത്രണ മാർഗ്ഗങ്ങൾ ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. MDDT(Multi Disciplinary Diagnostic Team) സന്ദർശനം, വിള ആരോഗ്യ പരിപാലന പദ്ധതി മുഖേന ഉള്ള ഡിജിറ്റൽ അഡ്വൈസറികൾ, MTA മീറ്റിംഗ്, ATMA മുഖാന്തരമുള്ള അവെയർനെസ്സ് ക്യാമ്പയിൻ വർക്ക്ഷോപ്പ് എന്നിവയിലൂടെ വിവിധ കീടനിയന്ത്രണ മാർഗ്ഗങ്ങളും നിർദ്ദേശങ്ങളും കർഷകർക്ക് കൊടുത്തിട്ടുണ്ട്.<br><br>(iv) സംയോജിത വളപ്രയോഗത്തിന് ജനകീയാസൂത്രണ പദ്ധതിയിൽ കൃഷിഭവൻ മുഖേന ആനുകൂല്യം നല്കി വരുന്നുണ്ട്.<br><br>കേരള കാർഷിക സർവ്വകലാശാലയിൽ കവുങ്ങുകളിൽ രോഗം പ്രതിരോധിക്കാൻ ശാസ്ത്രീയമായി വികസിപ്പിച്ച സംയോജിത പരിപാലന പാക്കേജ് ലഭ്യമാണ്. ഇത് സംബന്ധിച്ച് കർഷകരിൽ അവബോധം ഉണ്ടാക്കുന്നതിന് പരിശീലന പരിപാടികൾ ആവശ്യാനുസരണം സംഘടിപ്പിക്കാവുന്നതാണ്. |
| (ഇ) | ഉല്പാദനം നിരന്തരം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ അടയ്ക്കാ കർഷകരെ കടക്കെണിയിൽ നിന്ന് രക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമോ? | (ഇ) | അടക്കാ കർഷകർക്കായി പ്രത്യേക പാക്കേജുകൾ നിലവിൽ പ്രഖ്യാപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ